8 -ാം വർഷം
2024 ജനുവരി 12
ദനഹാ രണ്ടാം ഞായർ



Laity Reflect on
SYRO-MALABAR SUNDAY MASS
SCRIPTURE READINGS



# പെനുവേൽ ഒരു ഉറവയാണ്!

സംഖ്യ 10/29-36, ഏശയ്യ 45/11-17, ഹെബ്രാ 3/1-6, യോഹ 1/141-8

വചനം മാംസമായി തീർന്ന രക്ഷാകര ചരിത്രത്തിലെ നിർണായകമായ സംഭവമാണ് യോഹന്നാൻ 1/14-18 ൽ നാം കാണുന്നത്. ദൈവത്തെ കാണുക എന്ന മനുഷ്യന്റെ ആഗ്രഹ പൂർത്തീകരണവും കർത്താവിനു വേണ്ടിയുള്ള അനേകായിരം വർഷങ്ങളുടെ കാത്തിരിപ്പിന്റെ വിരാമവും.

അനന്ത നന്മയും സർവശക്തനുമായ ദൈവത്തെ നേരിൽ കാണുക എന്നത് മരണ കാരണമാണെന്ന് യഹൂദർ കരുതിയിരുന്നു. പഴയനിയമത്തിൽ ദൈവവുമായി ഏറ്റവുമടുത്ത് ഇടപെട്ട മോശ പോലും ദൈവത്തിന്റെ മുഖം കണ്ടിട്ടില്ല. പുറ:33/20-23 ൽ ദൈവം മോശയോട് അരുളിച്ചെയ്യുന്നു: 'എന്റെ മുഖം നീ കാണുകയില്ല.' അത്യുന്നതനായ ദൈവത്തിന്റെ മഹത്വം ദർശിച്ച ഏശയ്യ തന്റെ നാശത്തെ യോർത്ത് വിലപിയ്ക്കുന്നത് ഏശയ്യ 6/5 ൽ നാം കാണുന്നുണ്ട്. ഈ പശ്ചാത്ത ലത്തിലാണ് ദനഹാക്കാലത്തിന്റെ രണ്ടാം ഞായറാഴ്ചയായ ഇന്ന് യോഹന്നാൻ സുവിശേഷകൻ പറയുക, ദൈവത്തെ ആരും ഒരിയ്ക്കലും കണ്ടിട്ടില്ല. പുതിയനിയമജനതയായ നമുക്ക് തന്നെത്തന്നെ വെളിപ്പെടുത്തുവാൻ ദൈവം തീരുമനസ്സായി.

ദനഹാ എന്ന വാക്കിന്റെ അർത്ഥം തന്നെ വെളിപ്പെടുത്തൽ എന്നാണ്. അതായത്, ദനഹാക്കാലം വെളിപ്പെടുത്തലുകളുടെ കാലമാണ്. ദൈവത്തെ ആരും ഒരിയ്ക്കലും കണ്ടിട്ടില്ലെന്നിരിയ്ക്കെ, പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവം തന്നെയായ യേശുക്രിസ്തുവിലൂടെ ദൈവം തന്നെത്തന്നെ വെളിപ്പെടു ത്തിയതിനേക്കുറിച്ച് തിരുവചനം ഇന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു.

## അപ്പസ്തോലൻ തന്നെ പുരോഹിതൻ

ഹെബ്രാ 3/1-6 ൽ ക്രിസ്തുവിനെ



സനു തെറ്റയിൽ, മേക്കാട്

വിശ്വാസത്തിന്റെ അപ്പസ്തോലൻ എന്നാണ് പറയുന്നത്. സുവിശേഷത്തിൽ ക്രിസ്തുവിനെ അപ്പസ്തോലൻ എന്ന് പറയുന്ന വളരെ പ്രധാനപ്പെട്ട ഒരു സന്ദർഭം. അപ്പസ്തോലൻ എന്നാൽ അയയ്ക്കപ്പെട്ടവൻ എന്നർത്ഥം. ദൈവത്തെ ആരും കണ്ടിട്ടില്ലെന്നിരിയ്ക്കെ, അവനെ മനുഷ്യന് വെളിപ്പെടുത്താനും അവന്റെ ഭാഷ സംസാരിക്കാനും വേണ്ടി വന്നവൻ, യഹൂദർ പ്രതീക്ഷിച്ചിരുന്ന രക്ഷകൻ എന്നൊക്കെ അർത്ഥം. ഹിബ്രു ഭാഷയിൽ ക്രിസ്തുവിനു മാത്രം ഉപയോഗിയ്ക്കുന്ന മറ്റൊരു പ്രയോഗമാണ് പ്രധാന പുരോഹിതൻ, അതിനർത്ഥം ദൈവത്തിനു മുന്നിൽ മനുഷ്യനെ പ്രതിനിധീകരിയ്ക്കുന്നവൻ. അപ്പോൾ, മനുഷ്യനു മുന്നിൽ ദൈവത്തെ പ്രതിനിധീകരിയ്ക്കുന്നവൻ തന്നെ ദൈവത്തിനു മുന്നിൽ മനുഷ്യനെ പ്രതിനിധീകരിയ്ക്കുന്നു.

### മോശ അന്നേ പറഞ്ഞിരുന്നു

ഇസ്രായേലിന്റെ ചരിത്രത്തിലെ ഒരു പ്രധാന വ്യക്തിയാണല്ലോ മോശ. എല്ലാ പഴയനിയമ നേതാക്കളിലും വച്ച് വലിയവൻ. അവനെ 'ദൈവപുരുഷൻ എന്നും ദൈവത്തിന്റെ ദാസൻ' ( നിയ. 33:1 ; 34:5 ) എന്നും വിശുദ്ധ ഗ്രന്ഥം വിശേഷിപ്പിക്കുന്നുണ്ട്. ദൈവവുമായുള്ള മോശയുടെ ബന്ധം വളരെ അടുപ്പമുള്ളതായിരുന്നു. ഒരു മനുഷ്യൻ തന്റെ സുഹൃത്തിനോട് സംസാരിക്കുന്നതുപോലെ ദൈവം മോശയോട് മുഖാമുഖം സംസാരിച്ചു' (പുറ. 33:11). മോശയ്ക്ക് ദൈവവുമായുള്ള അസാധാരണമായ അടുപ്പം കാരണം മാലാഖമാരേക്കാൾ വലിയവനാണെന്ന് ചില യഹൂദ റബ്ബികൾ വിശ്വസിക്കുന്നു.

എന്നിരുന്നാലും, തന്നേക്കാൾ വലിയവനും ഇസ്രായേലിനോട് ദൈവവചനം സംസാരിക്കുന്നവനുമായ ഒരു പ്രവാചകനെ കർത്താവ് ഇസ്രായേലിൽ നിന്ന് എഴുന്നേൽപ്പിക്കുമെന്ന് മോശ മനസ്സിലാക്കി (നിയ. 18:15-18). ഈ പ്രവാചകനാണ് മിശിഹാ (യോഹ. 1:45 ) എന്ന് നാം വ്യക്തമായി തിരിച്ചറിയുന്നു.

മോശ ദൈവത്തിന്റെ ഭവനത്തിൽ വിശ്വസ്തനായ ദാസൻ ആയിരുന്നു. എന്നാൽ മോശ സേവിച്ച ഇസ്രായേൽ ഭവനത്തെ ക്രിസ്തു പണിയുകയും മേൽനോട്ടം വഹിക്കുകയും ചെയ്തതിനാൽ അവൻ മോശെയെക്കാൾ മഹത്വത്തിന് യോഗ്യനായി കണക്കാക്കപ്പെടുന്നു.

മോശ ഒരു മനുഷ്യദാസനായിരുന്നു. ക്രിസ്തുവാകട്ടെ, ഒരു ദൈവിക ദാസനാണ്, ദൈവപുത്രൻ എന്ന നിലയിൽ മോശയെക്കാൾ മഹത്വത്തിന് യോഗ്യൻ. മോശയെക്കാൾ കൂടുതൽ വിശ്വസ്തനും. അവൻ തന്റെ കുരിശിലെ മരണത്തിൽ പോലും പതറിയില്ല.

### കാണണ്ടേ ദൈവത്തെ!..

ഇന്നും മനുഷ്യന്റെ ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന അടങ്ങാത്ത ദാഹങ്ങളിൽ ഒന്ന് ഈശ്വരനെ ഒരുനോക്ക് കാണണം എന്നുള്ളത് തന്നെയാണ്. അതാണല്ലോ മരണശേഷം നമ്മൾ പ്രത്യാശിയ്ക്കുന്നതും. 'കാണുക' എന്നതിനും ഒരു പടി കൂടി മുകളിലാണ് അനുഭവിയ്ക്കുക എന്നത്. ഒരു മലയെ നാം അകലെ വച്ച് കാണുന്നതും മലമുകളിൽ കയറി അത് അനുഭവിയ്ക്കുന്നതും രണ്ടാണ്. കടൽ കണ്ടു എന്ന് പറയാറുണ്ട്, യഥാർത്ഥത്തിൽ നാം കാണുന്നത് കടലോരവും തിരമാലയുമാണ്. കടലിൽ ഇറങ്ങി അതിന്റെ ആഴങ്ങളിൽ ചെന്ന് അനുഭവിച്ചാലേ നാം കടൽ കാണൂ. പക്ഷേ ഇപ്പോഴും നാം കടൽ കാണാൻ പോകാറുണ്ട്, തിര എണ്ണി വരാറുമുണ്ട്. ദൈവത്തിൽ വിശ്വസിക്കുക എന്നതിനപ്പുറം ദൈവത്തെ സ്വയം അനുഭവിക്കുക എന്നതിലേക്ക് മാറാനാണ് ഒരു വിശ്വാസി ആഗ്രഹിയ്ക്കേണ്ടത് എന്ന് സാരം.

സ്വാമി വിവേകാനന്ദന്റെ ജീവിതത്തിൽ നിന്ന് ദൈവത്തെ അനുഭവിക്കുന്നതിനുള്ള വീക്ഷണത്തെ ചിത്രീകരിക്കുന്ന ഒരു ക്ലാസിക് കഥയുണ്ട്. വിവേകാനന്ദൻ സർവ്വകലാശാല വിദ്യാർത്ഥിയായിരിക്കുമ്പോൾ, താൻ താമസിച്ചിരുന്ന കൽക്കട്ട പ്രദേശത്തെ പല പ്രമുഖ മത നേതാക്കളോടും അവർ ദൈവത്തെ കണ്ടിട്ടുണ്ടോ എന്ന് ചോദിച്ചു. ശ്രീരാമകൃഷ്ണനെ കാണുന്നതുവരെ വ്യക്തവും ആധികാരികവുമായ ഉത്തരം ആരിൽ നിന്നും ലഭിച്ചില്ല. 'ദൈവത്തെ കണ്ടിട്ടുണ്ടോ?" എന്ന വിവേകാനന്ദന്റെ ചോദ്യത്തിന് ശാന്തനായി ശ്രീരാമകൃഷ്ണൻ മറുപടി പറഞ്ഞു, "അതെ, ഒരാൾ കൈപ്പത്തിയിൽ ആപ്പിൾ കാണുന്നത് പോലെ ഞാൻ അവനെ വ്യക്തമായി കാണുന്നു; അല്ല, കൂടുതൽ ശ്രദ്ധയോടെ. ഇത് മാത്രമല്ല, നിങ്ങൾക്കും അവനെ കാണാൻ കഴിയും.'

ദൈവത്തിലുള്ള വിശ്വാസത്തിനപ്പുറം ദൈവികമായ അനുഭവത്തിലേക്ക് വിരൽ ചൂണ്ടുകയാണ് രാമകൃഷ്ണൻ യുവ അന്വേഷകനെ.

ദൈവത്തെ അനുഭവിയ്ക്കാൻ ഒരുപാട് വഴികളുണ്ട്. ആദ്യം ചെയ്യേണ്ടത് സ്വസ്ഥമാവുക എന്നതാണ്. തിരക്കുകൾ മാറ്റി വയ്ക്കുക. നമുക്ക് മുന്നേ അവിടുത്തെ തേടിയലഞ്ഞവർക്ക് ചിലത് പറയാനുണ്ടാവും. ഗുരുക്കന്മാർ പകർന്നു തരുന്ന അറിവ്, അത് ഈ അന്വേഷണത്തിന് ആക്കം കൂട്ടും. അടുത്ത ഘട്ടം ആത്മാവിന്റെ സത്തയെ തിരിച്ചറിയുക എന്നതാണ്. അത് ആഴത്തിലുള്ള തലത്തിൽ ദൈവത്തിന്റെ സത്തയാണ്. ഉള്ളിലെ നന്മയെ ധ്യാനിക്കുക, ഉള്ളിലെ ദൈവിക സാന്നിധ്യം അറിയുക. നമ്മുടെ ആന്തരിക സത്ത അനുഭവിക്കുമ്പോൾ നാമും ഈശ്വരനെ അനുഭവിക്കുന്നു.

പിന്നീട് എല്ലാവരേയും ഉൾക്കൊള്ളുന്ന ഒരു ബോധമായും ഒടുവിൽ കാലാതീതവും രൂപരഹിതവും സ്ഥലരഹിതവുമായ അതീന്ദ്രിയ യാഥാർത്ഥ്യമായി അത് അനുഭവപ്പെടുന്നു.

എന്നിലും നിന്നിലും തൂണിലും തുരുമ്പിലും ഉള്ളത് ഒരേ സത്തയാണെന്ന് തിരിച്ചറിയുമ്പോൾ

ഒരു തൂവൽ കണക്കെ മനസ്സ് നിർമലമാകുന്നു...

ദൈവത്തെ മുഖാഭിമുഖം കണ്ട ഇടത്തെ 'പെനുവേൽ' എന്ന് യാക്കോബ് വിളിച്ചതുപോലെ (ഉൽപത്തി 32/30), നമുക്കും മറക്കാനാവാത്ത പെനുവേൽ അനുഭവങ്ങളുടെ ഇടങ്ങൾ ഉണ്ടാവട്ടെ. അതൊരു ഉറവയായി, അരുവിയായി ഒഴുകട്ടെ. ആമേൻ.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com